# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2623 — 19.12.2012ൽ മറുപടിയ്ക്ക്

## കനാലുകളുടെ വികസനം

ചോദ്യം : ശ്രീ. ബെന്നി ബെഹനാൻ

ഉത്തരം: ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
| --- | --- |
| (എ) ഇടപ്പള്ളി തോടിന്റെ പ്രവൃത്തിക്ക് നബാർഡിന്റെ കീഴിൽ എത്ര ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട് ;<br>(ബി) തുക അനുവദിച്ചിട്ടില്ലെങ്കിൽ അനുവദിക്കുമോ ; | (എ)&(ബി) ഇടപ്പള്ളി തോടിന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്കായി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ 600 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (സി) ചങ്ങാടംപോക്ക്, തേവര, പേരണ്ടൂർ കനാലുകളുടെ വികസന പ്രവൃത്തികൾക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;<br>(ഡി) എങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്താമോ ? | (സി)& (ഡി) ചങ്ങാടംപോക്ക് കനാലിന്റെ പുനരുദ്ധാരണത്തിനായി 2010-ലെ പുതുക്കിയ ഷെഡ്യൂൾ നിരക്ക പ്രകാരം 87.00 ലക്ഷം രൂപയുടേയും തേവര-പേരണ്ടൂർ കനാലിന്റെ പുനരുദ്ധാരണത്തിനായി 900 ലക്ഷം രൂപയുടേയും എസ്റ്റിമേറ്റുകൾ തയ്യാറാക്കി ഭരണാനുമതിയ്ക്കായി സമർപ്പിച്ചിരുന്നു. ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഭരണാനുമതി നൽകാൻ കഴിഞ്ഞിട്ടില്ല. |

സെക്ഷൻ ഓഫീസർ